# സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി, കടമറ്റം.

ക്രിസ്തുമതം പ്രചരിപ്പിക്കുന്നതിനായി ഏ.ഡി. നാലാം നൂറ്റാണ്ടിൽ ഇറാക്കിലെ നിനവേ (പേർഷ്യ) യിൽ നിന്ന് മാർ ആബോ എന്ന മെത്രാപ്പോലീത്താ സ്ഥാനമുള്ള പിതാവ് ഭാരതത്തിൽ എത്തിച്ചേർന്നു. ക്രിസ്തുമത വിശ്വാസം അറിയിക്കുന്നതിനായി അനേക ദേശങ്ങളിൽ സഞ്ചരിച്ചു എങ്കിലും അക്കാലത്തെ ജാതിമത വ്യവസ്ഥകളുടെ കാഠിന്യം മൂലം കാര്യമായി ഒന്നും തന്നെ പ്രവർത്തിക്കുവാൻ പിതാവിന് കഴിഞ്ഞില്ല. പിതാവിന്റെ സഞ്ചാര പഥത്തിൽ ഒരു ദിവസം വൈകുന്നേരം കടമറ്റം എന്ന ദേശത്ത് എത്തിച്ചേർന്നു. ദൂരയാത്ര ചെയ്ത് ക്ഷീണിതനായ പിതാവ് വിശപ്പടക്കുന്നതിനും രാത്രി കഴിച്ചുകൂട്ടുന്നതിനുമായി വൃദ്ധയായ ഒരു വിധവയുടെ ചെറ്റക്കുടിലിൽ കയറിച്ചെന്നു. ആ കുടിലിൽ അമ്മയും ഒരു മകനും മാത്രമേ ഉണ്ടായിരുന്നുള്ളൂ. വ്യത്യസ്ഥമായ വേഷഭൂഷാദികളും ഭാഷയുമുള്ള പിതാവിനെ അവർ സ്നേഹത്തോടെ സ്വീകരിച്ചു എങ്കിലും ദിവസങ്ങളായി പട്ടിണിയിലായിരുന്ന ആ അമ്മയ്ക്കും മകനും മാർ ആബോ പിതാവിന് ഒന്നും നൽകാൻ കഴിഞ്ഞില്ല. കാര്യം മനസ്സിലാക്കിയ പിതാവ് വൃദ്ധയായ ആ സ്ത്രീയോട് അടുപ്പിൽ തീ കത്തിച്ച് കഞ്ഞിയ്ക്ക് വെള്ളം വയ്ക്കുവാൻ ആവശ്യപ്പെട്ടു. വെള്ളം തിളച്ചപ്പോൾ കാലിയായ അരിവട്ടിയിൽ നിന്ന് ഒരു അരിമണിയെടുത്ത് പ്രാർത്ഥിച്ച് മാർ ആബോ പിതാവ് കലത്തിൽ ഇട്ടു. നിമിഷങ്ങൾക്കകം പാത്രത്തിൽ നിറയെ ചോറു തിളച്ചുമറിഞ്ഞു. വളരെ സന്തോഷത്തോടെ വയർ നിറയെ ഭക്ഷണം കഴിച്ച ആ അമ്മയും മകനും തങ്ങളുടെ കുടിലിൽ എത്തിയിരിക്കുന്നത് ഒരു ദിവ്യനാണെന്ന സത്യം മനസ്സിലാക്കി.

അന്ന് ദേശം ഭരിച്ചിരുന്ന ആയക്കുന്നത്ത് കർത്താവിന്റെ ഏക മകൾ പൈശാചിക ബാധമൂലം കഠിനമായ ചിത്തഭ്രമത്താൽ ചങ്ങലകളാൽ തളയ്ക്കപ്പെട്ട അവസ്ഥയിൽ കഴിയുകയായിരുന്നു. വൈദ്യന്മാരുടെയും മന്ത്രവാദികളുടെയും ചികിത്സകളൊന്നും ഫലിച്ചിരുന്നില്ല. തന്റെ കുടിലിൽ എത്തിയിരിക്കുന്നത് ഒരു ദിവ്യനാണെന്ന് മനസ്സിലാക്കിയ ആ വൃദ്ധ തന്റെ യജമാനന്റെ മകളുടെ അസുഖത്തെക്കുറിച്ച് മാർ ആബോ പിതാവിനോട് സംസാരിച്ചു. പിറ്റേദിവസം രാവിലെ തന്നെ പിതാവിനെ നാടുവാഴിയായ ആയക്കുന്നത്ത് കർത്താവിന്റെ അടുക്കൽ കൂട്ടികൊണ്ടുപോയി. മാർ ആബോ പിതാവിന്റെ പ്രാർത്ഥനാ ശക്തിയാൽ നാടുവഴിയുടെ മകളുടെ ചിത്തഭ്രമം പൂർണ്ണമായും സുഖപ്പെടുകയും നാടുവാഴിയും കുടുംബവും ക്രിസ്തുമതം സീകരിക്കുകയും ചെയ്തു. മകളുടെ അസുഖം മാറിയതിൽ സന്തുഷ്ടനായ നാടുവാഴി, മാർ ആബോ പിതാവിന്റെ ഇംഗിതം മനസ്സിലാക്കി പരിശുദ്ധ കന്യകമറിയാം അമ്മയുടെ

www.kadamattomchurch.com

നാമധേയത്തിൽ ഒരു പള്ളി നിർമ്മിച്ച് പാരിതോഷികമായി നൽകി. അങ്ങനെ മാർ ആബോ പിതാവിനാൽ സ്ഥാപിതമായതാണ് ഇന്നത്തെ കടമറ്റം വലിയപള്ളി. പിതാവിന്റെ പ്രാർത്ഥന ശക്തിയാൽ അത്ഭുതങ്ങൾ നടക്കുന്നു എന്ന് മനസ്സിലാക്കിയ അനേകർ ക്രിസ്തുമതം സ്വീകരിച്ചു. നാടുവാഴി പിതാവിന് ധാരാളം പശു നാൽക്കാലി സമ്പത്തും സഹായിയായി വിധവയുടെ മകനേയും നൽകി. വിധവയുടെ മകൻ ക്രിസ്തുമതം സ്വീകരിച്ച് പൗലോസ് എന്ന ശെമ്മാശനായി.

ഒരു ദിവസം പശുക്കളെ മേയ്ക്കാനായി കാട്ടിൽ പോയ പൗലോസ് ശെമ്മാശൻ ഉൾവനത്തിലെ നരഭോജികളായ ഗുഹാവാസികളാൽ പിടിക്കപ്പെട്ടു. കാട്ടിൽ നിന്ന് പിടിക്കപ്പെട്ട് ഗുഹയിൽ എത്തിക്കുന്ന എന്തിനെയും ഗുഹാവാസികൾ കാട്ടുമൂപ്പന്റെ അനുവാദത്തോടെ കൊന്നുപങ്കിട്ട് ഭക്ഷിക്കുകയാണ് പതിവ്. ഗുഹാവാസികൾ തന്നെ കൊല്ലുമെന്ന് മനസ്സിലാക്കിയ ശെമ്മാശൻ ദൈവത്തോട് കഠിനമായി പ്രാർത്ഥിച്ചു. മനസ്സലിവുതോന്നിയ മൂപ്പൻ ശെമ്മാശനെ കൊല്ലുവാൻ അനുവദിക്കാതെ അവരിൽ ഒരാളായി ചേർത്തു. വിശ്വസ്തനും സത്യസന്തനുമാണെന്ന് മനസ്സിലാക്കിയ മൂപ്പൻ ശെമ്മാശനെ തന്റെ അനന്തരാവകാശി ആക്കുവാൻ ആഗ്രഹിച്ചു. ഗുഹാവാസികളുടെ മൂപ്പനാകേണ്ടവൻ അറിഞ്ഞിരിക്കേണ്ടതായ മന്ത്രവാദവും ഇന്ദ്രജാലവും മഹേന്ദ്രജാലവും എല്ലാം വിശദമായി മൂപ്പനിൽ നിന്നും ശെമ്മാശൻ അഭ്യസിച്ചു. തന്റെ മകളെ വിവാഹം ചെയ്ത് അനന്തരാവകാശിയാക്കണമെന്ന മൂപ്പന്റെ ആഗ്രഹം ശെമ്മാശനെ വേദനിപ്പിച്ചു. തനിയ്ക്ക് ഒരിക്കലും നരഭോജികളുടെ മൂപ്പനായി ഗുഹാവാസിയായി കഴിയാനാകില്ലെന്നും തന്റെ മാതാവിനെയും മാർ ആബോ പിതാവിനെയും കാണുവാൻ അതിയായ ആഗ്രഹമുണ്ടെന്നും മൂപ്പനെ ശെമ്മാശൻ ധരിപ്പിച്ചു. ഇതു മനസ്സിലാക്കിയ ഗുഹാവാസികൾ ശെമ്മാശനു കാവൽ ഏർപ്പെടുത്തി. ഏറെ നാൾ കഴിഞ്ഞിട്ടും മനഃമാറ്റം സംഭവിക്കാത്തതിനാൽ മൂപ്പൻ ശെമ്മാശന് തിരികെ പോകുവാൻ മൗനാനുവാദം നൽകി. എന്നാൽ ശെമ്മാശനുവേണ്ടി ഗുഹാവാസികളുടെ നിയമം ലംഘിക്കപ്പെടുവാൻ മൂപ്പന് പ്രയാസമായതിനാൽ ഗുഹയിൽ നിന്ന് പഠിച്ചതൊന്നും പുറം ലോകത്തെ പഠിപ്പിക്കില്ല എന്ന് സത്യം ചെയ്യിച്ച്, രാത്രിയാമത്തിൽ കാവൽക്കാരെ ഉറക്കി രക്ഷപ്പെട്ടുകൊള്ളുവാൻ മൂപ്പൻ ശെമ്മാശനെ ഉപദേശിച്ചു. മൂപ്പനിൽ നിന്നും പഠിച്ച വിദ്യ പ്രയോഗിച്ച് കാവൽക്കാരെ ഉറക്കി ശെമ്മാശൻ ഗുഹയിൽ നിന്ന് രക്ഷപ്പെട്ട് കടമറ്റം പള്ളിയെ ലക്ഷ്യമാക്കി യാത്ര തിരിച്ചു. ശെമ്മാശൻ രക്ഷപ്പെട്ടു എന്നു മനസ്സിലാക്കിയ ഗുഹാവാസികൾ അദ്ദേഹത്തെ പിടിച്ചുകൊണ്ടുപോകുവാനായി പുറകെ എത്തി. പുലരാറായപ്പോൾ പൂട്ടിക്കിടന്ന പള്ളിയുടെ മുന്നിലെത്തിയ ശെമ്മാശൻ പരിശുദ്ധ കന്യകമറിയം അമ്മയെ വിളിച്ച് പ്രാർത്ഥിച്ചപ്പോൾ പൂട്ടിക്കിടന്ന വാതിൽ താനെ തുറക്കുകയും

www.kadamattomchurch.com

ശെമ്മാശൻ പള്ളി അകത്തുപ്രവേശിക്കുകയും ചെയ്തു. ശെമ്മാശനെ തിരികെ കൊണ്ടുപോകുവാൻ സാധിക്കാത്തതിൽ കോപിഷ്ടരായ ഗുഹാവാസികൾ കയ്യിൽ കരുതിയിരുന്ന ഇരുമ്പു ചങ്ങലകൾകൊണ്ട് പള്ളിയുടെ ഭിത്തിയിൽ ആഞ്ഞടിച്ചു. നേരം പുലർന്നു തുടങ്ങിയതിനാലും ശെമ്മാശൻ പള്ളിയകത്തായിരുന്നതിനാലും ഗുഹാവാസികൾ നിരാശരായി തിരികെപോയി.

സ്വന്തം മകനെപ്പോലെ സ്നേഹിച്ചുവളർത്തിയ ശെമ്മാശനെ തിരികെ ലഭിച്ചതിനാൽ അതീവ സന്തുഷ്ടനായ മാർ ആബോ പിതാവ് ശെമ്മാശന് അച്ചൻപട്ടം നൽകി കടമറ്റത്തിന്റെ പൂർണ്ണ ചുമതലയേൽപിച്ചു. ക്രിസ്തുമതം അറിയിക്കുകയാണ് തന്റെ ലക്ഷ്യമെന്നും ആയതിനാൽ കടമറ്റത്തുനിന്നും യാത്രയാവുകയാണെന്നും പിതാവ് പൗലോസച്ചനെ അറിയിച്ചു. പിതാവിനെ പിരിയുന്നതിൽ അതീവ ദുഃഖിതനായ പൗലോസ് അച്ചൻ പിതാവിന്റെ യാത്രയെ നിരുൽസാഹപ്പെടുത്തി. പൗലോസച്ചന്റെ ദുഃഖം മനസ്സിലാക്കിയ മാർ ആബോ പിതാവ് തന്റെ കൈയ്യിൽ അണിഞ്ഞിരുന്ന മുദ്ര മോതിരം പൗലോസച്ചന്റെ കൈയ്യിൽ ഇട്ടുകൊടുത്തു. ഈ മോതിരം ഊരിവീഴുന്ന നിമിഷം താൻ കാലം ചെയ്തുവെന്നും, മോതിരം തിരികെ എടുത്തണിഞ്ഞ് എന്നെ അന്വേഷിച്ചിറങ്ങിയാൽ എന്റെ അടുക്കൽ എത്തിച്ചേരുവാൻ കഴിയും എന്ന വരവും പൗലോസച്ചന് നൽകി മാർ ആബോ പിതാവ് കടമറ്റത്തുനിന്നും യാത്രയായി.

ക്രിസ്തുമതം അറിയിക്കുന്നതിനായി കടമറ്റത്തുനിന്നും യാത്ര തിരിച്ച മാർ ആബോ പിതാവ് കൊല്ലം തേവലക്കരയിൽ എത്തിച്ചേർന്നു. അവിടെ ഒരു ഹൈന്ദവകുടുംബത്തിൽ താമസിച്ച് ആ കുടുംബാംഗങ്ങളെ നേത്രവൈദ്യം അഭ്യസിപ്പിച്ചു. ആ കുടുംബവും ദേശവാസികളും ക്രിസ്തുമതം സ്വീകരിച്ച് അവിടെ പരിശുദ്ധ കന്യകമറിയാമിന്റെ നാമധേയത്തിൽ ഒരു പള്ളി നിർമ്മിച്ചു. ആ പള്ളിയാണ് തേവലക്കര വി. മർത്തമറിയം ഓർത്തഡോക്സ് പള്ളിയെന്നറിയപ്പെടുന്നത്. മാർ ആബോ പിതാവിൽ നിന്ന് നേത്രവൈദ്യം പഠിച്ച കുടുംബമാണ് പ്രശസ്തരായ തേവലക്കര കണ്ണുവൈദ്യർ.

പൗലോസച്ചൻ ധരിച്ചിരുന്ന മുദ്രമോതിരം ഒരു ദിവസം ഊരി വീഴുകയും അതിന്റെ പൊരുൾ മനസ്സിലാക്കിയ അച്ചൻ തന്റെ ഗുരുവിനെ അന്വേഷിച്ച് യാത്ര തിരിച്ചു. അനേകദൂരം യാത്രചെയ്ത് പൗലോസച്ചൻ തേവലക്കര വി. മർത്തമറിയം പള്ളിയുടെ മദ്ബഹായുടെ വടക്കു പടിഞ്ഞാറ് വശത്തെ മാർ ആബോ പിതാവിന്റെ കബറിടത്തിൽ എത്തിച്ചേർന്നു. തന്റെ ഗുരുവിന്റെ ഭൗതീക ശരീരം ഒരു നോക്കുകാണുവാൻ സാധിക്കാത്തതിൽ അതീവ ദുഃഖിതനായ പൗലോസച്ചൻ ഗുരുവിന്റെ കബറിട

www.kadamattomchurch.com

ത്തിൽ മുട്ടുകുത്തി പ്രാർത്ഥിച്ചപ്പോൾ കബറിൽ നിന്ന് ഗുരുവിന്റെ വലതുകരം വേർപെട്ട് ഉയർന്നുവന്നു. ഗുരു തന്റെ സാമീപ്യം മനസ്സിലാക്കിയതിൽ സന്തുഷ്ടനായ പൗലോസച്ചൻ ഉയർന്നുവന്ന ഗുരുവിന്റെ വലതുകരം ഭക്തിയാദരവോടുകൂടി കടമറ്റം വലിയപള്ളിയിൽ കൊണ്ടുവന്ന് മദ്ബഹായുടെ തെക്കേ ഭിത്തിയിൽ അടക്കം ചെയ്യുത് അവിടെ പേർഷ്യൻ കുരിശ് സ്ഥാപിച്ചു.

പൗലോസച്ചൻ തന്റെ ഗുരു ആയ മാർ ആബോ പിതാവിൽ നിന്നും പഠിച്ച ദൈവീക സിദ്ധികളും ഗുഹാമൂപ്പനിൽ നിന്നു പഠിച്ച വിദ്യകളും ഉപയോഗിച്ച് സമൂഹനന്മയ്ക്ക് എതിരെ നിലകൊണ്ടിരുന്ന പൈശാചിക ശക്തികളെ ഉന്മൂലനം ചെയ്ത അത്ഭുത സംഭവങ്ങൾ വിവരിച്ചാൽ ഒടുങ്ങാത്തവയാണ്. പൗലോസച്ചൻ കടമറ്റത്ത് കത്തനാർ എന്നപേരിലും അറിയപ്പെട്ടിരുന്നു. ആശ്രയമറ്റവർക്ക് ആശ്രയമാകുന്നിടമാണ് കടമറ്റം. “കടമറ്റം സമ്പ്രദായം” എന്ന പേരിൽ ഒരു വഴിപാടും നിലനിന്നു പോരുന്നു. കടമറ്റത്തു കത്തനാരായ പൗലോസച്ചൻ കാലംചെയ്ത് കടമറ്റം വലിയ പള്ളിയുടെ ഉള്ളിൽ വടക്കുവശത്ത് കബറടക്കിയിരിക്കുന്നു. മാർ ആബോ പിതാവിനാൽ പരിശുദ്ധ കന്യക മറിയം അമ്മയുടെ നാമധേയത്തിൽ സ്ഥാപിതമായ കടമറ്റം പള്ളി പിന്നീട് വിശുദ്ധ ഗീവർഗീസ് സഹദായുടെ നാമധേയത്തിലായി മാറ്റപ്പെട്ടു. കടമറ്റത്ത് കത്തനാരായി തീർന്ന പൗലോസ് അച്ചൻ ജനിച്ചു വളർന്ന വീട് സ്ഥിതിചെയ്തിരുന്നിടത്ത് പിന്നീട് പണികഴിപ്പിച്ച പള്ളിയാണ് പോയേടം പള്ളി. കടമറ്റം വലിയപള്ളിയിൽ നിന്ന് 150 മീറ്റർ ദൂരെ മാറി വടക്ക് കിഴക്ക് ദിശയിലാണ് പോയേടം പള്ളി സ്ഥിതിചെയ്യുന്നത്. പോയേടം പള്ളിയോട് ചേർന്ന് വടക്ക് വശത്തായി പോയേടം കിണറും സ്ഥിതിചെയ്യുന്നു.


## സെന്റ് ജോർജ്ജ് ഓർത്തഡോക്സ് പള്ളി,
## കടമറ്റം.

**www.kadamattomchurch.com**
**www.kadamattompally.co.in**
**e-mail: info.kadamattomchurch@gmail.com**
**Ph. 0484-2765045.**


www.kadamattomchurch.com